# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

<u>പഞ്ചായത്തുകളുടെ തനതു ഫണ്ട്</u>

4798 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഉദ്യോഗസ്ഥൻമാരുടെ ശമ്പളം, അലവൻസുകൾ, മെമ്പർമാരുടെ ഓണറേറിയം, യാത്രച്ചെലവ്, മറ്റ് ചെലവുകൾ എന്നിവ തനത് ഫണ്ടിൽ നിന്നും വഹിക്കാൻ കഴിയാത്ത എത്ര പഞ്ചായത്തുകൾ കോഴിക്കോട് ജില്ലയിലുണ്ടെന്നും അവ ഏതൊക്കെയെന്നും വ്യക്തമാക്കുമോ;

(ബി) ഗ്രാമപഞ്ചായത്തുകളുടെ തനതുവരുമാനം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുക എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

പഞ്ചായത്തുകളുടെ അതിർത്തി പുനർനിർണ്ണയിക്കുന്നതിന് നടപടി

4799 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പഞ്ചായത്തുകളുടെ അതിർത്തി പുനർനിർണ്ണയിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ;

(ബി) തനതു വരുമാനവും വിസ്തൃതിയും കൂടുതലുള്ള പഞ്ചായത്തുകൾ വിഭജിച്ച് പുതിയ പഞ്ചായത്തുകൾ രൂപീകരിക്കുന്നതിന് ആലോചനയുണ്ടോ ;

(സി) പഞ്ചായത്തുകളുടെ വിഭജനം സംബന്ധിച്ച് സാധ്യതാ പഠനം നടത്തിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ

## 21.10.2011-ലെ മറുപടിക്ക്

<u>തൊഴിലുറപ്പ് പദ്ധതിയെ സ്തംഭിപ്പിക്കുന്ന നടപടി</u>

4800 ശ്രീ. ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൊഴിൽ കാർഡ് രജിസ്ട്രേഷന്റെ നടപടികളുമായി ബന്ധപ്പെട്ടെന്ന വിധത്തിൽ സംസ്ഥാനത്തെ ചില പഞ്ചായത്തുകളിൽ തൊഴിലുറപ്പ് പദ്ധതിയെ സ്തംഭിപ്പിക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത സാഹചര്യത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത് ;

(സി) തൊഴിലാളികൾക്ക് എന്തെല്ലാം തരത്തിൽ ഈ പ്രശ്നത്തിന് പരിഹാരം തേടാമെന്ന് അറിയിക്കുമോ ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

ബ്ലോക്ക് പഞ്ചായത്തുകൾ വഴി ജനോപകാരപ്രദമായ പദ്ധതികൾ

4801 ശ്രീ. റോഷി അഗസ്റ്റിൻ
'' പി. സി. ജോർജ്
'' തോമസ് ഉണ്ണിയാടൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബ്ലോക്ക് പഞ്ചായത്തുകൾ വഴി കൂടുതൽ ജനോപകാര പ്രദമായ പദ്ധതികൾ നടപ്പാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നത് ;

(ബി) ബ്ലോക്ക് പഞ്ചായത്തുകളെ ശക്തിപ്പെടുത്തി വ്യവസായ ഐ. ടി. പാർക്കുകൾ ഇവയുടെ ആഭിമുഖ്യത്തിൽ ആരംഭിക്കുന്നതിന് നപടികൾ ഉണ്ടാകുമോ ?

# കേരള നിയമസഭ
# 21.10.2011-ലെ മറുപടിക്ക്

റോഡുകളിൽ വാഹന ഗതാഗതത്തിനും ഉണ്ടാകുന്ന പ്രയാസങ്ങൾ

4802 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണ റോഡുകളിൽ സ്വകാര്യ നിർമ്മാണങ്ങൾക്കാവശ്യമായ സാധന സാമഗ്രികൾ വൻതോതിൽ ദിവസങ്ങളോളം കൊണ്ടിടുന്നതുമൂലം ജനസഞ്ചാരത്തിനും വാഹന ഗതാഗതത്തിനും ഉണ്ടാകുന്ന പ്രയാസങ്ങൾ തടയുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിക്കുമോ ;

(ബി) ഇത്തരം ആളുകൾ പഞ്ചായത്തുകളുടെ അനുവാദം കൂടാതെ ഗ്രാമീണ റോഡുകളിലും പൊതു സ്ഥലങ്ങളിലും അതിക്രമിച്ചു നടത്തുന്ന പ്രസ്തുത നടപടികൾ തടയുന്ന നിയമം കൊണ്ടുവരുമോ ;

(സി) നിശ്ചിത ഫീസിന്റെ അടിസ്ഥാനത്തിൽ മാത്രം ചുരുങ്ങിയ ദിവസത്തേക്കു സാധനങ്ങൾ ഇറക്കിയിടുന്നതിനുള്ള അനുവാദം നൽകുന്നതിലൂടെ പഞ്ചായത്തുകളുടെ ധനാഗമ മാർഗ്ഗം വർദ്ധിപ്പിക്കുന്നകാര്യം പരിഗണിക്കുമോ ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

<u>ഷെഡ്യൂൾ ഓഫ് റേറ്റ്</u>

4803 ഡോ. കെ.ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 3.9.2011 ന് പി.ഡബ്ല്യൂ.ഡി ഷെഡ്യൂൾ ഓഫ് റേറ്റ് ഉയർത്തിക്കൊണ്ട് ഉത്തരവിറക്കിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വർദ്ധിപ്പിച്ച നിരക്ക് ബാധകമാക്കിക്കൊണ്ട് ഉത്തരവിറക്കിയിട്ടുണ്ടോ;

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി പ്രവർത്തനങ്ങൾ റേറ്റ് വർദ്ധിപ്പിക്കാത്തത് കാരണം സ്തംഭനാവസ്ഥയിലാണെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ:

(ഡി) ഇതിനു അടിയന്തിര പരിഹാരം കാണാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

<u>കേന്ദ്ര ഗവൺമെന്റ് സഹായത്തോടെ പദ്ധതികൾ</u>

4804 ശ്രീ. എ.റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലാ പഞ്ചായത്തിൽ 2006-07 മുതൽ 2010-11 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ കേന്ദ്ര ഗവൺമെന്റ് സഹായത്തോടെ എത്ര പദ്ധതികൾ നടപ്പിലാക്കി ; അവ ഏതെല്ലാം ; ഇനം തിരിച്ച് വ്യക്തമാക്കുമോ ;

(ബി) ഇവയിൽ ഓരോ പദ്ധതിക്കും ലഭിച്ച തുക എത്ര ; ചെലവാക്കിയ തുക എത്ര ; എത്ര തുക ലാപ്സായി ; അതിൽ എത്ര പദ്ധതി പൂർത്തികരിച്ചു ;

(സി) പൂർത്തിയാക്കാൻ ബാക്കിയുള്ള പദ്ധതികൾ പൂർത്തിയാക്കാൻ നടപടി എന്തെങ്കിലും സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) കേന്ദ്ര ഗവൺമെന്റ് മാനദണ്ഡമനുസരിച്ചാണോ പ്രസ്തുത പദ്ധതികൾ പൂർത്തീകരിച്ചിട്ടുള്ളത് ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

<u>നടപ്പിലാക്കിയ പദ്ധതികളെക്കുറിച്ച് അന്വേഷിക്കുവാൻ നടപടി</u>

4805 ശ്രീ. എം.എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലാപഞ്ചായത്തുവഴി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നടപ്പിലാക്കിയ പദ്ധതികളെക്കുറിച്ച് അന്വേഷിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം വകുപ്പിന്റെ കീഴിൽ നടപ്പിലാക്കിയ പദ്ധതികളാണ് അന്വേഷണ വിധേയമാക്കുന്നത്;

(ബി) ക്ഷീര വികസന വകുപ്പു വഴി നടപ്പിലാക്കിയ പദ്ധതികളെക്കുറിച്ച് വ്യാപകമായ പരാതികൾ ഉള്ള സാഹചര്യം പരിഗണിച്ച് പ്രസ്തുത വകുപ്പ് വഴി നടത്തിയ പദ്ധതികളെകുറിച്ച് അന്വേഷണം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

<u>പഞ്ചായത്തുകൾക്ക് സ്വയം നിർണ്ണയാധികാരം</u>

4806 ശ്രീ. പി. സി. വിഷ്ണുനാഥ്
,, അൻവർ സാദത്ത്
,, വി. റ്റി. ബൽറാം
,, ഐ. സി. ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാമ്പത്തിക പ്രതിസന്ധി നേരിടുന്ന പഞ്ചായത്തുകളിൽ സ്വതന്ത്രമായി പ്രവർത്തിക്കുന്നതിനുള്ള എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത് ;

(ബി) 12-ാം പഞ്ചവത്സര പദ്ധതിയുടെ കരട് സമീപന രേഖയിൽ ഇതിനായി എന്തെല്ലാം തീരുമാനങ്ങൾ എടുത്തിട്ടുണ്ട് ;

(സി) പഞ്ചായത്ത് സ്ഥാപനങ്ങൾക്ക് സ്വയം നിർണ്ണയാധികാരത്തോടെ ഫണ്ട് നൽകുവാൻ കേന്ദ്രത്തോട് ആവശ്യപ്പെടുമോ ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

<u>പഞ്ചായത്തുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി</u>

4807 ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
,, കെ. ശിവദാസൻ നായർ
,, എം. എ വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പന്ത്രണ്ടാം പഞ്ചവൽസര പദ്ധതിയുടെ കരട് സമീപന രേഖയിൽ പഞ്ചായത്തുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ എന്തെല്ലാം തീരുമാനങ്ങൾ എടുത്തിട്ടുണ്ട്;

(ബി) നിലവിൽ പഞ്ചായത്തുകൾ നടപ്പിലാക്കി വരുന്ന പദ്ധതികൾ കാര്യക്ഷമമമാക്കാൻ നടപടി എടുക്കുമോ;

(സി) പഞ്ചായത്തുകൾക്ക് സ്വയം നിർണ്ണയാധികാരത്തോടെ തീരുമാനമെടുത്ത് പദ്ധതികൾ നടപ്പാക്കാനുള്ള സംവിധാനത്തെക്കുറിച്ച് ആലോചിക്കുമോ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

കേരളാ പഞ്ചായത്ത് രാജ് നിയമം

4808 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്തുകളുടെ സ്റ്റാഫ് പാറ്റേൺ ഏറ്റവും അവസാനമായി പുതുക്കിയത് എന്നാണ്;

(ബി) 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം നിലവിൽ വന്നതുമൂലം ഏതൊക്കെ അധിക ചുമതലകളാണ് ഗ്രാമ പഞ്ചായത്തുകളിൽ നിക്ഷിപ്തമായിട്ടുളളത്;

(സി) 1994-ലെ കേരള പഞ്ചായത്ത് നിയമം അനുസരിച്ച് ത്രിതല പഞ്ചായത്തുകൾക്ക് കൈമാറി നൽകിയ അധികാരങ്ങളും സ്ഥാപനങ്ങളും സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) ഗ്രാമപഞ്ചായത്തുകളുടെ അധിക ചുമതലകൾ നിർവ്വഹിക്കുന്നതിന് ആവശ്യമായ ഉദ്യോഗസ്ഥ സംവിധാനത്തെയും പശ്ചാത്തല സൗകര്യത്തെയും സംബന്ധിച്ച പഠന റിപ്പോർട്ടുകളുടെ പകർപ്പ് ലഭ്യമാക്കാമോ?

(ഇ) പ്രസ്തുത പഠനങ്ങളുടെ അടിസ്ഥാനത്തിൽ ഉദ്യോഗസ്ഥ സംവിധാനത്തിൽ എന്തൊക്കെ മാറ്റങ്ങളാണ് വരുത്തിയിട്ടുളളത്?

# കേരള നിയമസഭ
# 21.10.2011-ലെ മറുപടിക്ക്

ഇ.എം.എസ്. പാർപ്പിട പദ്ധതി

4809 പ്രൊഫ. സി. രവീന്ദ്രനാഥ്
,, കെ. കുഞ്ഞമ്മത് മാസ്റ്റർ
,, കെ. കുഞ്ഞിരാമൻ (ഉദുമ)
,, എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇ.എം.എസ്. പാർപ്പിട പദ്ധതിയുടെ പ്രവർത്തനത്തിലിപ്പോൾ ഉണ്ടായിരിക്കുന്ന വീഴ്ചകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഗുണഭോക്താക്കൾ നേരിട്ടുകൊണ്ടിരിക്കുന്ന പ്രതിസന്ധികൾ എന്തെല്ലാമാണെന്ന് പരിശോധിച്ചിട്ടുണ്ടോ;

(സി) പദ്ധതി പ്രകാരമുള്ള മുഴുവൻ വീടുകളും എന്ന് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 21.10.2011-ലെ മറുപടിക്ക്

<u>ഇ.എം.എസ് ഭവന നിർമ്മാണ പദ്ധതി</u>

4810 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇ.എം.എസ് ഭവന നിർമ്മാണ പദ്ധതിയനുസരിച്ച് സംസ്ഥാനത്ത് എത്ര വീടുകൾ നിർമ്മിക്കുന്നതിനാണ് തീരുമാനിച്ചിരുന്നത്;

(ബി) എത്ര വീടുകൾ നിർമ്മിക്കുന്നതിനുള്ള പ്രാരംഭ നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(സി) ബാക്കി വീടുകളുടെ നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ഡി) പ്രസ്തുത പദ്ധതിയനുസരിച്ച് എത്ര വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(ഇ) ഇ.എം.എസ് ഭവന പദ്ധതിയനുസരിച്ച് ആരംഭിച്ച വീടുകളുടെ നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

ഇ. എം. എസ്. ഭവന പദ്ധതി

4811 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവുംവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇ.എം.എസ്. ഭവന പദ്ധതിയിൽ 2011 മാർച്ചിന് ശേഷം എത്ര വീടുകൾ പൂർത്തിയാക്കിയിട്ടുണ്ട്;

(ബി) ജില്ല തിരിച്ച് വിശദമാക്കാമോ;

(സി) ഇനിയും ലിസ്റ്റിൽ ഉൾപെടാത്തവർക്ക് പുതുതായി അപേക്ഷ നൽകാൻ കഴിയുമോ;

(ഡി) അതിനുള്ള നടപടിക്രമങ്ങൾ വിശദമാക്കാമോ;

(ഇ) കുടുംബ കാർഡിൽ ഉൾപ്പെട്ടവരും , എന്നാൽ കുടുംബത്തിൽ നിന്നും മാറിത്താമസിക്കുന്നവരുമായ ഭവനരഹിതരെ പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെടുത്തുമോ;

(എഫ്) എങ്കിൽ നടപടിക്രമങ്ങൾ വിശദമാക്കാമോ?

**കേരള നിയമസഭ**
**21.10.2011-ലെ മറുപടിക്ക്**

<u>കെട്ടിടനിർമ്മാണ നിയമം ഭേദഗതി വരുത്താൻ നടപടി</u>

4812 ശ്രീ. കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കെട്ടിട നിർമ്മാണ നിയമം ഭേദഗതി വരുത്തുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

<u>കെട്ടിട നികുതി പരിഷ്ക്കരണം</u>

4813 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെട്ടിട നികുതി പിരിഷ്ക്കരണം മേഖല തിരിച്ച് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എന്ത് മാനദണ്ഡത്തിലാണ് മേഖലാവിഭജനം നടത്തുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഇളവും വർദ്ധനയും നടപ്പിലാക്കുവാൻ ഏത് മാനദണ്ഡമാണ് പരിഗണിക്കുന്നതെന്ന് സദയം വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

<u>തറ വിസ്തീർണത്തിന്റെ അടിസ്ഥാനത്തിൽ കെട്ടിട നികുതി ചുമത്തുന്നതിനുള്ള ചട്ടങ്ങൾ</u>

4814 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്ത് രാജ് നിയമപ്രകാരം തറ വിസ്തീർണത്തിന്റെ അടിസ്ഥാനത്തിൽ കെട്ടിട നികുതി ചുമത്തുന്നതിനുള്ള ചട്ടങ്ങൾ വിജ്ഞാപനം ചെയ്തിട്ടുണ്ടോ;

(ബി) ഇപ്രകാരം നികുതി ചുമത്തപ്പെട്ട നിലവിലുള്ള കെട്ടിടങ്ങൾക്ക് നികുതി ചുമത്തുമ്പോൾ നിലവിലുള്ള നികുതിയേക്കാൾ 60% അധികരിക്കാൻ പാടില്ലെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടോ;

(സി) കെട്ടിട നികുതിയുടെ എത്ര ശതമാനമാണ് സേവന നികുതി ചുമത്താൻ നിർദ്ദേശിച്ചിട്ടുള്ളത്;

(ഡി) കെട്ടിട ഉടമ റിട്ടേൺ സമർപ്പിക്കാത്ത സാഹചര്യത്തിൽ പിഴ ചുമത്തുന്നതിനുള്ള വ്യവസ്ഥകൾ എന്തെല്ലാമാണ്;

(ഇ) ഒരു വിദഗ്ധ എഞ്ചിനീയർക്ക് പോലും പൂരിപ്പിക്കാൻ കഴിയാത്ത വിധമാണ് റിട്ടേൺ ഫോറം എന്ന പരാതി പരിഹരിക്കാൻ നടപടികൾ സ്വീകരിക്കുമോ;

(എഫ്) കെട്ടിട നികുതി വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിലുള്ള കേസിന്റെ നിലവിലുള്ള സ്ഥിതി വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

<u>കല്ല്യാശ്ശേരി ബ്ലോക്ക് പഞ്ചായത്തിന് സ്വന്തം കെട്ടിടം</u>

4815 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ പുതുതായി രൂപീകരിച്ച കല്ല്യാശ്ശേരി ബ്ലോക്ക് പഞ്ചായത്തിന് സ്വന്തം കെട്ടിടം നിർമ്മിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ഏതു വരെയായി;

(ബി) പ്രവൃത്തി എന്ന് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

പി. ഡബ്ല്യൂ. ഡി. റോഡുകൾ തിരിച്ചെടുക്കാനുള്ള തീരുമാനം

4816 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജില്ലാ പഞ്ചായത്തിന് വിട്ടുകൊടുത്തിട്ടുള്ള പി. ഡബ്ല്യൂ. ഡി. റോഡുകൾ തിരിച്ചെടുത്തുകൊണ്ടുള്ള തീരുമാനം മന്ത്രിസഭ അംഗീകരിച്ചിട്ടുണ്ടോ ;

(ബി) അതിൽ വൈപ്പിൻ മണ്ഡലത്തിലെ ഏതെല്ലാം റോഡുകൾ ഉൾപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

<u>ഗ്രാമപഞ്ചായത്തുകളിൽ പൊതുശ്മശാനം</u>

4817 ശ്രീ.ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യത്തിന്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

പൊതുശ്മശാനം നിർമ്മിക്കുന്നതിനുവേണ്ടി സ്വീകരിച്ച നടപടിയുടെ വിശദാംശം വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

<u>തീരദേശ ജനവിഭാഗങ്ങൾക്കായി ശ്മശാനങ്ങൾ</u>

4818 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തീരദേശ വാസികൾ ശവസംസ്ക്കാരത്തിന് ഭൂമി ലഭ്യമാകാതെ കഷ്ടതകൾ നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തീരപ്രദേശ ജനവിഭാഗങ്ങൾക്കായി ശ്മശാനങ്ങൾ നിർമ്മിക്കുന്നതിനായി ഭൂമി ലഭ്യമാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കും?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

<u>ചേലക്കടവ് - മൂക്കുതല ബണ്ടിന്റെ നിർമ്മാണ പ്രവൃത്തികൾ</u>

4819 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലാ പഞ്ചായത്ത് 1999-2000 വർഷത്തിൽ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പണി തുടങ്ങിയ ചേലക്കടവ് - മൂക്കുതല ബണ്ടിന്റെ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിക്ക് അഡ്വാൻസ് തുക അനുവദിച്ചിട്ടുണ്ടോ;

(സി) പണികൾ പൂർത്തീകരിച്ചിട്ടില്ലാ എങ്കിൽ അത് പൂർത്തീകരിക്കുന്നതിന് എന്തു നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്;

(ഡി) പണികൾ പൂർത്തീകരിക്കാത്തതു മൂലം നഷ്ടമുണ്ടായിട്ടുണ്ടോ; എങ്കിൽ എത്രയാണ്;

(ഇ) അഡ്വാൻസ് അനുവദിച്ചിട്ടുണ്ടെങ്കിൽ അത് തിരിച്ചുപിടിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(എഫ്) എങ്കിൽ എത്ര തുക തിരിച്ചു പിടിച്ചിട്ടുണ്ട്; ഇനിയും ബാക്കിയുണ്ടെങ്കിൽ എത്ര?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

<u>മാറഞ്ചേരി സ്പെക്ട്രം സ്പെഷ്യൽ സ്കൂൾ</u>

4820 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്തിനു കീഴിൽ മാറഞ്ചേരി പി.എച്ച്.സി. ന്യൂ കോമ്പൗണ്ടിൽ പ്രവർത്തിക്കുന്ന സ്പെക്ട്രം സ്പെഷ്യൽ സ്കൂളിൽ അദ്ധ്യാപകരില്ലാത്തതിന്റെ ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അംഗവൈകല്യം ബാധിച്ച നിർദ്ധനരായ നിരവധി കുട്ടികളുടെ ആശ്രയകേന്ദ്രമായ പ്രസ്തുത സ്കൂളിൽ പ്രത്യേക പരിശീലനം ലഭിച്ച അദ്ധ്യാപകരെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത സ്കൂൾ നവീകരിക്കുന്നതിനും കൂടുതൽ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കുമോ;

(ഡി) എങ്കിൽ ഇതിനുള്ള പ്രവൃത്തികൾ എന്ന് നടപ്പാക്കാനാകുമെന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

<u>കുടുംബശ്രീയുടെ കീഴിൽ ഓണചന്ത</u>

4821 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീയുടെ കീഴിൽ സംസ്ഥാനത്തൊട്ടാകെ എത്ര ഓണചന്തകളാണ് പ്രവർത്തിച്ചത്;

(ബി) മൊത്തം എത്ര കോടി രൂപയുടെ വില്പനയാണ് ഓണക്കാലത്ത് ഈ ചന്തകളിലായി നടന്നത്;

(സി) അതിന്റെ ജില്ല തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

ഗ്രാമപഞ്ചായത്തുകളിൽ ഇ-ഗവേണൻസ് പദ്ധതി

4822 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യത്തിന്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്കായി പ്രത്യേക പരിശീലന പരിപാടികൾ സംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

എന്‍. ആര്‍. എച്ച്. എം. ക്ലിനിക്കുകള്‍

4823 ശ്രീ. കെ. കെ. ജയചന്ദ്രന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പഞ്ചായത്തുകളുടെ കീഴില്‍ എന്‍. ആര്‍. എച്ച്. എം. ക്ലിനിക്കുകള്‍ പ്രവര്‍ത്തിക്കുന്നുണ്ടോ;

(ബി) ഇത്തരം ക്ലിനിക്കുകളില്‍ ജീവനക്കാരെ നിയമിക്കുന്നത് ആരാണ്; നിയമനത്തിന്റെ മാനദണ്ഡങ്ങള്‍ വ്യക്തമാക്കാമോ.

(സി) ഇത്തരം ക്ലിനിക്കുകളിലെ ജീവനക്കാരുടെ ശമ്പളം നല്‍കുന്നത് ആരാണ്; ശമ്പളകുടിശ്ശിക നല്‍കാനുണ്ടോ; എങ്കില്‍ എന്തുകൊണ്ടാണ് എന്ന് വിശദമാക്കുമോ;

(ഡി) ജീവനക്കാരുടെ വിവിധ തസ്തികകളും ശമ്പള വേതന വ്യവസ്ഥകളും വിശദമാക്കാമോ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

<u>ജലനിധി പദ്ധതി</u>

4824 ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഫണ്ടിന്റെ അഭാവം കാരണം ജലനിധി പദ്ധതികൾ ശക്തിപ്പെടുത്തുന്നതിനും, വിപുലീകരിക്കുന്നതിനും ജലനിധി പഞ്ചായത്തുകൾക്ക് സാധിക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത്തരം പഞ്ചായത്തുകൾക്ക് പദ്ധതിയുടെ വിപുലീകരണത്തിനും ശാക്തീകരണത്തിനും പ്ലാൻ ഫണ്ട് ഉപയോഗിക്കുന്നതിനുള്ള അനുമതി നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

<u>കാട്ടുചിറ പ്രദേശത്ത് കുടിവെള്ള സൗകര്യം</u>

4825 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജകമണ്ഡലത്തിലെ പാറക്കടവ് പഞ്ചായത്തിലെ പുളിയനം കരയിൽ വടക്ക് കുന്ന് ഭാഗത്ത് 15 ഓളം എസ്.സി./ എസ്.ടി. കുടുംബങ്ങൾ ഉൾപ്പെടെ നൂറോളം കുടുംബങ്ങൾ താമസിക്കുന്ന കാട്ടു ചിറ പ്രദേശത്ത് കുടിവെള്ള സൗകര്യവും റോഡ് സൗകര്യവും ഇല്ലാത്തതിനാൽ ജനങ്ങൾ നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) എങ്കിൽ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

<u>മാലിന്യ വിമുക്ത കേരളം</u>

4826 ശ്രീ. സണ്ണി ജോസഫ്
,, വി. പി. സജീന്ദ്രൻ
,, ഷാഫി പറമ്പിൽ
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാലിന്യ വിമുക്ത കേരളം പദ്ധതിയുടെ ഭാഗമായി സംസ്ഥാന ശുചിത്വ മിഷൻ വിദ്യാലയങ്ങൾ വഴി എന്തെല്ലാം പരിപാടികളാണ് സംഘടിപ്പിക്കാനുദ്ദേശിക്കുന്നത്;

(ബി) വിദ്യാലയങ്ങളിൽ ശുചിത്വപാർലമെന്റ് നടത്തുവാൻ പരിപാടിയുണ്ടോ;

(സി) ശുചിത്വ പദ്ധതി നടപ്പാക്കുന്ന സ്കൂളുകൾക്ക് പ്രത്യേക അവാർഡുകൾ നൽകുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

മാലിന്യമുക്ത കേരളം - വിശേഷ ഗ്രാമസഭകൾ കൂടുന്നതിന് നടപടി

4827

ശ്രീ. വി. ഡി. സതീശൻ
,, വർക്കല കഹാർ
,, ലൂഡി ലൂയിസ്
,, സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാലിന്യമുക്ത കേരളം പദ്ധതിയുടെ ഭാഗമായി ഉള്ള പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന് പഞ്ചായത്തുകളുടെ പ്രവർത്തനം എങ്ങനെ കാര്യക്ഷമമാക്കാനാണ് ഉദ്ദേശിക്കുന്നത്;

(ബി) ഇതിനായി വിശേഷ ഗ്രാമസഭകൾ വിളിച്ചുകൂട്ടുന്നതിന് നിർദ്ദേശങ്ങൾ നൽകുമോ;

(സി) അയൽക്കൂട്ടതല ചർച്ചകൾ സജീവമാക്കാൻ വേണ്ട നിർദ്ദേശങ്ങൾ നൽകുമോ;

(ഡി) പഞ്ചായത്ത് സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ പ്രത്യേക പരിപാടികൾ സംഘടിപ്പിക്കുമോ ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് പദ്ധതികൾ

4828 ശ്രീ. കെ. ശിവദാസൻ നായർ
,, ഡൊമിനിക് പ്രസന്റേഷൻ
,, സി. പി. മുഹമ്മദ്
,, എം. എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകളും, മുനിസിപ്പാലിറ്റികളും മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദ വിവരം ലഭ്യമാക്കുമോ;

(ബി) മാലിന്യ സംസ്കരണത്തിൽ പഞ്ചായത്തുകൾക്കും, മുനിസിപ്പാലിറ്റികൾക്കും എന്തെങ്കിലും ധനസഹായം ചെയ്യാൻ കഴിയുമോ;

(സി) ഇതിന് കേന്ദ്രത്തിൽ നിന്ന് ഫണ്ട് ലഭ്യമാക്കുന്നതിന് എന്തെങ്കിലും പരിശ്രമം നടത്തുമോ?

# കേരള നിയമസഭ
# 21.10.2011-ലെ മറുപടിക്ക്

കൊതുക് ശല്യം നിയന്ത്രിക്കാൻ നടപടി

4829 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ, ഞാറയ്ക്കൽ, എളങ്കുന്നപ്പുഴ പഞ്ചായത്തുകളിൽ കൊതുകുകൾ പെരുകിക്കൊണ്ടിരിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അതിന് കാരണം കണ്ടെത്തുന്നതിന് ഫിഷറീസ് യൂണിവേഴ്സിറ്റി വിദഗ്ദ്ധ സമിതിയെ നിയോഗിച്ചിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കൊതുക് ശല്യം അവസാനിപ്പിക്കുവാൻ ശാസ്ത്രീയമായ നടപടികൾ സ്വീകരിച്ചു വരുന്നുണ്ടോ; എങ്കിൽ വിശദീകരിക്കാമോ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

മാര്‍ക്കറ്റ് നവീകരണ പ്രവര്‍ത്തനങ്ങള്‍ ശക്തമാക്കാന്‍ നടപടി

4830 ശ്രീ. പാലോട് രവി
,, ജോസഫ് വാഴക്കന്‍
,, എ.റ്റി. ജോര്‍ജ്
,, പിഎ. മാധവന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) മാലിന്യവിമുക്ത കേരളം പദ്ധതിയുടെ ഭാഗമായി ശുചിത്വമിഷന്‍ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങള്‍ വഴി എന്തെല്ലാം നടപടികളാണ് നടപ്പാക്കാനുദ്ദേശിക്കുന്നത്;

(ബി) പഞ്ചായത്തുകളിലെ മാര്‍ക്കറ്റ് നവീകരണ പ്രവര്‍ത്തനങ്ങള്‍ ശക്തമാക്കാന്‍ നടപടി എടുക്കുമോ;

(സി) ഇതിനായി നിര്‍മ്മല്‍ ഗ്രാമപുരസ്ക്കാരം ഏര്‍പ്പെടുത്താന്‍ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) തീരദേശ മേഖല, കോളനി എന്നിവിടങ്ങളില്‍ ശുചിത്വ പരിപാടികള്‍ സംഘടിപ്പിക്കുമോ ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

<u>കോഴിക്കോട് ജില്ലയെ പ്ലാസ്റ്റിക് മാലിന്യ വിമുക്ത ജില്ലയാക്കുന്നതിന് പദ്ധതികൾ</u>

4831 ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയെ പ്ലാസ്റ്റിക് മാലിന്യ വിമുക്ത ജില്ലയാക്കുന്നതിന് ജില്ലാ ഭരണകൂടം എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് അവലോകനം നടത്തിയട്ടുണ്ടോ;

(ഡി) എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

<u>മാലിന്യമുക്ത കേരളം ബോധവല്‍ക്കരണ പരിപാടികള്‍</u>

4832 ശ്രീ. വി.ഡി. സതീശന്‍
'' വര്‍ക്കല കഹാര്‍
'' സി.പി. മുഹമ്മദ്
'' കെ. അച്ചുതന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) മാലിന്യമുക്ത കേരളം പദ്ധതിയുടെ ഭാഗമായി സംസ്ഥാന ശുചിത്വ മിഷന്‍ നടത്തുന്ന പ്രവര്‍ത്തനങ്ങള്‍ എന്തെല്ലാം;

(ബി) പദ്ധതിയുടെ സന്ദേശം ജനങ്ങളിലെത്തിക്കുന്നതിന് എന്തെല്ലാം ബോധവല്‍ക്കരണ പരിപാടികളാണ് സംഘടിപ്പിക്കാന്‍ ഉദ്ദേശിക്കുന്നത്;

(സി) ഇതിന്റെ ഭാഗമായി സംസ്ഥാനത്തുടനീളം സന്ദേശയാത്രകള്‍ സംഘടിപ്പിക്കാനുള്ള തയ്യാറെടുപ്പുകള്‍ നടത്തുമോ?

# കേരള നിയമസഭ

## 21.10.2011-ലെ മറുപടിക്ക്

<u>തെരുവുനായ്ക്കളെ നിയന്ത്രിക്കാൻ പദ്ധതി</u>

4833 ശ്രീ. ഇ.കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നാദാപുരം നിയോജകമണ്ഡലത്തിലെ വിവിധഗ്രാമപഞ്ചായത്തുകളിലായി തെരുവിൽ അലഞ്ഞുതിരിയുന്ന നായ്ക്കളെ നിയന്ത്രിക്കാനായി ഏതൊക്കെ പദ്ധതികളാണ് നടപ്പിലാക്കിയിട്ടുളളത് എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഇനത്തിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും ലാപ്സായ തുകയുടെ കണക്കും പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ;

(സി) പേവിഷ നിയന്ത്രണത്തിന് എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

<u>തെരുവുവിളക്കുകളുടെ അറ്റകുറ്റപണികള്‍</u>

4834 ശ്രീ.എ. കെ. ബാലന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) തെരുവ് വിളക്കുകളുടെ അറ്റകുറ്റപണികള്‍ നടത്തുന്നതില്‍ നിന്നും വൈദ്യുതി ബോര്‍ഡിനെ തദ്ദേശസ്വയംഭരണ വകുപ്പ് ഒഴിവാക്കിയിട്ടുണ്ടോ ;

(ബി) എങ്കില്‍ ഇത് സംബന്ധിച്ച് പുറപ്പെടുവിച്ച ഉത്തരവിന്റെ പകര്‍പ്പ് ലഭ്യമാക്കുമോ ;

(സി) അറ്റകുറ്റപ്പണികള്‍ ചെയ്യാന്‍ സ്വകാര്യ ഏജന്‍സികളെ ഏല്പിക്കാന്‍ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കില്‍ ആയതിന്റെ വിശദവിവരങ്ങള്‍ ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

<u>പഞ്ചായത്ത് ജീവനക്കാരുടെ സ്ഥലംമാറ്റം</u>

4835 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകളിൽ ജീവനക്കാർക്ക് സ്ഥലംമാറ്റം ലഭിക്കുന്നതിന് എന്തെങ്കിലും മാനദണ്ഡം നിലവിലുണ്ടോ;

(ബി) ഗ്രാമപഞ്ചായത്തുകളോട് ആലോചിക്കാതെ ജീവനക്കാരെ സ്ഥലംമാറ്റുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ആറ്റിങ്ങൽ മണ്ഡലത്തിലുൾപ്പെട്ട ചെറുന്നിയൂർ ഗ്രാമപഞ്ചായത്തിൽ ആകെയുണ്ടായിരുന്ന ഒരു എൽ.ഡി ക്ലർക്കിനെ നിലനിർത്തണമെന്ന് പഞ്ചായത്ത് ആവശ്യപ്പെട്ടിട്ടും സ്ഥലം മാറ്റിയ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

<u>ആശ്രിത നിയമനം ലഭിക്കുവാൻ നടപടി</u>

4836 ശ്രീ. മാത്യു റ്റി. തോമസ്

താഴെ കാണുന്ന ചോദ്യത്തിന്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

തിരുവല്ല താലൂക്കിലെ നെടുമ്പ്രം പഞ്ചായത്തിലെ ഫെറിമാനായിരിക്കെ 1994 ൽ മരണമടഞ്ഞ പോത്ത ശാമുവലിന്റെ മകൻ വി.എസ്. ബാബുവിന് ആശ്രിതനിയമനം ലഭിക്കുവാൻ കാലതാമസം നേരിടേണ്ടിവരുന്നത് എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

<u>നിർമ്മാണ തൊഴിലാളികളുടെ കൂലി വർദ്ധിപ്പിക്കുന്നതിന് നടപടി</u>

4837 ശ്രീ.വി. എസ്. സുനിൽ കുമാർ
,, ഇ. കെ. വിജയൻ
,, ഇ. ചന്ദ്രശേഖരൻ
,, വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിർമ്മാണ തൊഴിലാളികളുടെ നിരക്ക് വർദ്ധിപ്പിച്ചു കൊണ്ട് ഉത്തരവായിട്ടുണ്ടോ ; എങ്കിൽ എത്ര ശതമാനം വർദ്ധിപ്പിച്ചുകൊണ്ടാണ് ഉത്തരവായിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(ബി) സംസ്ഥാനത്തെ പഞ്ചായത്തുകളിൽ പ്രസ്തുത ഉത്തരവ് ബാധകമാക്കിയിട്ടുണ്ടോ ; എങ്കിൽ കാലതാമസം നേരിടുന്നതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കുമോ ;

(സി) പഞ്ചായത്തുകളിൽ നടപ്പു വർഷത്തെ പദ്ധതികൾ പൂർത്തിയാക്കുന്നതിന് ഇനി എത്ര മാസമുണ്ട് ; നിശ്ചിത സമയത്തിനുള്ളിൽ പദ്ധതികൾ പൂർത്തീയാക്കുന്നതിന് എന്തെല്ലാം നടപടികളെടുത്തുവരുന്നുണ്ടെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
# 21.10.2011-ലെ മറുപടിക്ക്

<u>പുരുഷ ജീവനക്കാർക്ക് ഗസറ്റഡ് തസ്തികയിൽ ഉണ്ടായ നഷ്ടം</u>

4838 ഡോ. എൻ. ജയരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യക്ഷേമ വകുപ്പിൽ എ. സി. ഡി. പി. ഒ., സി. ഡി. പി. ഒ. തസ്തികകൾ വനിതകൾക്കായി സംവരണം ചെയ്തതുമൂലം മിനിസ്റ്റീരിയൽ പുരുഷ ജീവനക്കാർക്ക് ഗസറ്റഡ് തസ്തികയിൽ ഉണ്ടായ നഷ്ടം എത്രയാണ്;

(ബി) പ്രസ്തുത എണ്ണം കണക്കാക്കപ്പെട്ടിട്ടുണ്ടോ;

(സി) സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്യുന്ന വേളയിൽ ഇത് പരിഹരിക്കുമോ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

<u>ഒഴിവാക്കപ്പെട്ട തസ്തിക അനുവദിക്കുന്നതിന് നടപടി</u>

4839 ഡോ. എന്‍. ജയരാജ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കേന്ദ്ര സര്‍ക്കാരിന്റെ 11-12-2008-ലെ 14-2/2008-സി. ഡി.ഐ. നമ്പര്‍ കത്തിലെ നിര്‍ദ്ദേശപ്രകാരം സാമൂഹ്യ ക്ഷേമ വകുപ്പിന് അനുവദനീയമായ സ്റ്റാഫ് പാറ്റേണ്‍ വിശദമാക്കുമോ ;

(ബി) സംസ്ഥാന സാമൂഹ്യക്ഷേമ വകുപ്പില്‍ പ്രസ്തുത നിര്‍ദ്ദേശപ്രകാരം അനുവദിച്ച തസ്തികകള്‍ ഏതൊക്കെയാണ് ;

(സി) ഏതെങ്കിലും തസ്തിക ഒഴിവാക്കപ്പെട്ടിട്ടുണ്ടോ ; എങ്കില്‍ ഇതിന്റെ കാരണങ്ങള്‍ വിശദമാക്കുമോ ;

(ഡി) ഒഴിവാക്കപ്പെട്ട തസ്തിക അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

<u>എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലൂടെ നിയമനം</u>

4840 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലൂടെ നിയമനം ലഭിച്ച എത്ര താൽക്കാലിക വികലാംഗ ജീവനക്കാരെ കഴിഞ്ഞ പത്ത് വർഷമായി സ്ഥിരപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഇനിയും എത്ര താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്താനുണ്ട് ;

(സി) പുതുതായി ഈ വിഭാഗങ്ങളിൽപ്പെട്ട ആളുകളെ സ്ഥിരപ്പെടുത്തുമോയെന്ന് വ്യക്തമാക്കാമോ ;

(ഡി) നിലവിൽ ആകെ ജീവനക്കാരിൽ എത്ര ശതമാനം വികലാംഗ ജീവനക്കാരാണ് ജോലി ചെയ്തുകൊണ്ടിരിക്കുന്നത് എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

ജോലിയിൽ പ്രവേശിക്കാത്ത എഞ്ചിനീയറിംഗ് ജീവനക്കാർ

4841 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി വിന്യസിച്ച എഞ്ചിനീയറിംഗ് സ്റ്റാഫുകളിൽ എത്ര ജീവനക്കാരാണ് നാളിതുവരെയായും ജോലിയിൽ പ്രവേശിക്കാത്തതെന്നു വ്യക്തമാക്കുമോ ;

(ബി) ഇവർക്കെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

<u>പഞ്ചായത്ത് സെക്രട്ടറി നിയമനം</u>

4842 ശ്രീ. വി പി സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്ത് ഡയറക്ടറുടെ ഇ8.684/2009/ഉത്തരവ് പ്രകാരം എത്ര ഉദ്യോഗാർത്ഥികളെ പഞ്ചായത്ത് സെക്രട്ടറിമാരായി നിയമിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ജോലിയിൽ പ്രവേശിച്ച ശേഷം രാജിവച്ചോ, വിടുതൽ വാങ്ങിയോ പോയ ഉദ്യോഗാർത്ഥികളുടെ വിശദവിവരം നൽകാമോ;

(സി) എൻ.ജെ.ഡി ഒഴിവുകൾ പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെങ്കിൽ ആ വിവരം ലഭ്യമാക്കാമോ;

(ഡി) ജോലിയിൽ പ്രവേശിച്ചതിനു ശേഷം റിലീവ് ചെയ്ത ഉദ്യോഗാർത്ഥികളുടെ ഒഴിവുകൾ കേഡർ സ്ട്രെങ്തിൽ നിന്നു കുറയ്ക്കുന്നതിനാൽ പ്രസ്തുത ഒഴിവുകൾ തുടർന്നും പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്യേണ്ടതല്ലേ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

ഹെൽപ്പർ, വർക്കർ നിയമനങ്ങളിൽ കമ്മ്യൂണൽ റൊട്ടേഷൻ

4843 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അംഗൻവാടി ഹെൽപ്പർ, വർക്കർ തസ്തികകളിലേക്കുള്ള നിയമനങ്ങളിൽ കമ്മ്യൂണൽ റൊട്ടേഷൻ പാലിക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു സംബന്ധമായ നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്; ചട്ടങ്ങളിൽ ഇതിനായി ഭേദഗതി വരുത്തുമോ; വിശദാംശങ്ങൾ നൽകുമോ;

(സി) ഇതുവരെ ഈ തസ്തികകളിലേക്കു നടത്തിയ നിയമനങ്ങളിലെ സാമുദായിക പ്രാതിനിധ്യത്തിന്റെ തോത് ഇതിനകം പരിശോധിക്കുകയുണ്ടായോ;

(ഡി) എങ്കിൽ പ്രാതിനിധ്യം തീരെ കുറഞ്ഞ സമുദായങ്ങൾക്ക് ആനുപാതികമായി അത് നികത്തുന്ന കാര്യം പരിഗണനയിലുണ്ടോ;

(ഇ) ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലും നടപടികൾ കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

<u>ഒഴിവുകൾ നികത്തി പദ്ധതി സുഗമമാക്കാൻ നടപടി</u>

4844 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗ്രാമപഞ്ചായത്തുകളിൽ ആകെ എത്ര ജീവനക്കാരാണുള്ളതെന്ന് തസ്തിക തിരിച്ച് പറയാമോ ;

(ബി) ജീവനക്കാരുടെ അഭാവം കാരണം പദ്ധതി നിർവ്വഹണത്തിൽ തടസമുണ്ടാകുന്നുവെന്ന് പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ജീവനക്കാരുടെ ഒഴിവുകൾ പൂർണ്ണമായും നികത്തി പദ്ധതിനിർവ്വഹണം സുഗമമാക്കുകയും പൊതുജനങ്ങൾക്കാവശ്യമായ സേവനം ലഭ്യമാക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

<u>ക്ഷീരസാഗര പദ്ധതി</u>

4845 ശ്രീ. കോടിയേരി ബാലകൃഷ്ണന്‍

താഴെ കാണുന്ന ചോദ്യത്തിന്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

കുടുംബശ്രീയുടെ നേതൃത്വത്തില്‍ ക്ഷീരസാഗര പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് എവിടെയെല്ലാം പാല്‍വിതരണ യൂണിറ്റുകള്‍ പ്രവര്‍ത്തിക്കുന്നുണ്ടെന്ന് വെളിപ്പെടുത്താമോ?

# കേരള നിയമസഭ
# 21.10.2011-ലെ മറുപടിക്ക്

ക്ഷേമ പദ്ധതികളുടെ വരുമാന പരിധി

4846 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇപ്പോൾ നൽകിവരുന്ന വിവിധ കുടുംബക്ഷേമ പെൻഷനുകൾ ഏതെല്ലാമെന്ന് വിശദമാക്കാമോ ;

(ബി) ഓരോ ക്ഷേമ പെൻഷനുകൾക്കും നിശ്ചയിച്ച കുടുംബ വാർഷിക വരുമാന പരിധി എത്രയാണെന്ന് വ്യക്തമാക്കാമോ ;

(സി) വാർഷിക വരുമാന പരിധി ഉയർത്താത്തതുമൂലം അർഹരായ നിരവധി കുടുംബങ്ങൾക്കു ആനുകൂല്യങ്ങൾ നഷ്ടപ്പെടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) വിവിധ ക്ഷേമ പദ്ധതികളുടെ വരുമാന പരിധി കാലാനുസൃതമായി വർദ്ധിപ്പിക്കാൻ നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

<u>വയോജനങ്ങൾക്കായി ക്ഷേമപദ്ധതികൾ</u>

4847

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, പാലോട് രവി
,, പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വയോജനങ്ങൾക്കായി എന്തെല്ലാം ക്ഷേമപദ്ധതികളാണ് ഇപ്പോൾ നടപ്പിലാക്കി വരുന്നത്;

(ബി) വയോജനങ്ങൾക്കായുള്ള പദ്ധതികൾക്ക് ഏകോപനം ഇല്ലാത്തതു മൂലം ബന്ധപ്പെട്ട ക്ഷേമപ്രവർത്തനങ്ങളുടെ പ്രയോജനം ഇവർക്കു ലഭിക്കുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ വയോജനങ്ങൾക്കായുള്ള പദ്ധതികളെ ഏകോപിപ്പിക്കാൻ പ്രത്യേക ബോർഡ് സ്ഥാപിക്കുമോ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

<u>സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമത്തിനായുള്ള കമ്മീഷൻ റിപ്പോർട്ട്</u>

4848 ശ്രീ. വി. പി. സജീന്ദ്രൻ
,, ലൂഡി ലൂയിസ്
,, പി. എ. മാധവൻ
,, ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമത്തിനായുള്ള കമ്മീഷൻ റിപ്പോർട്ട് ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ റിപ്പോർട്ടിലെ പ്രധാന ശുപാർശകൾ എന്തെല്ലാം;

(സി) റിപ്പോർട്ട് തയ്യാറാക്കാൻ കമ്മീഷനെ നിയമിച്ചത് ഏതു സർക്കാരാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(ഡി) സമർപ്പിച്ച റിപ്പോർട്ടിലെ ശുപാർശകളെക്കുറിച്ച് വ്യാപകമായ പരാതി ഉയർന്നിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) റിപ്പോർട്ടിലെ ശുപാർശകൾ നടപ്പാക്കുന്നതിനെക്കുറിച്ചുള്ള നിലപാട് എന്താണ്?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

<u>സാമൂഹ്യക്ഷേമ പദ്ധതികൾ കാര്യക്ഷമമാക്കുന്നതിന് നടപടികൾ</u>

4849 ശ്രീ. റോഷി അഗസ്റ്റിൻ
,, തോമസ് ഉണ്ണിയാടൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യക്ഷേമ വകുപ്പിന്റെ പദ്ധതികളും പരിപാടികളും കൂടുതൽ കാര്യക്ഷമവും സുതാര്യവുമായി നടപ്പാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) അഗതികൾ, അനാഥർ, വികലാംഗർ തുടങ്ങിയവർക്ക് കൂടുതൽ സാമൂഹ്യസുരക്ഷാ പദ്ധതികൾ നടപ്പാക്കുന്നതിന് എന്തൊക്കെ നടപടികൾ ഉണ്ടാകുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ വരുന്ന സ്ഥാപനങ്ങളുടെ വിശദാംശം

4850 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യക്ഷേമ വകുപ്പിന്റെ ക്ഷേമപദ്ധതികളിൽ അപേക്ഷ സ്വീകരിക്കുന്ന സ്ഥാപനം അല്ലെങ്കിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ആരാണ്;

(ബി) ചൈൽഡ് വെൽഫെയർ കമ്മിറ്റികൾ പ്രവർത്തിക്കുന്നത് സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിലാണോ; എങ്കിൽ ആയതിന്റെ ഘടനയും പ്രവർത്തനങ്ങളും വിശദമാക്കാമോ;

(സി) സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ വരുന്ന സ്ഥാപനങ്ങൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 21.10.2011-ലെ മറുപടിക്ക്

<u>അഗതി മന്ദിരങ്ങൾ</u>

4851 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ സംസ്ഥാനത്ത് എത്ര അഗതി മന്ദിരങ്ങൾ പ്രവർത്തിക്കുന്നുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) 2010-11 കാലഘട്ടത്തിൽ അഗതി മന്ദിരങ്ങളിലേക്ക് എത്ര തുകയാണ് ചെലവഴിച്ചത്;

(സി) അഗതിമന്ദിരങ്ങളിലെ ഭക്ഷണവും ജീവിതവും മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ഡി) നിലവിലിരിക്കുന്ന മാനദണ്ഡപ്രകാരം ഒരാൾക്ക് എത്ര തുക വീതമാണ് നൽകുന്നത്?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

<u>കാസര്‍ഗോഡ് ജില്ലയിലെ ഐ. സി. ഡി. എസ്. പ്രോജക്ട് ഓഫീസുകള്‍</u>

4852 ശ്രീ. കെ. കുഞ്ഞിരാമന്‍ (തൃക്കരിപ്പൂര്‍)

താഴെ കാണുന്ന ചോദ്യത്തിന്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

കാസര്‍ഗോഡ് ജില്ലയില്‍ പുതുതായി അനുവദിച്ച ഐ. സി. ഡി. എസ്. പ്രോജക്ട് ഓഫീസുകളില്‍ ആവശ്യത്തിന് സ്റ്റാഫിനെയും കെട്ടിടവും അനുവദിക്കാന്‍ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

<u>ഭിക്ഷാടനം നടത്തിക്കുന്ന മാഫിയ സംഘങ്ങൾ</u>

4853 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊച്ചുകുട്ടികളേയും നാടോടി സ്ത്രീകളേയും വികലാംഗരേയും യാചകവേഷം കെട്ടിച്ച് തീവണ്ടികളിലും ബസ്സുകളിലും പൊതു നിരത്തുകളിലും ഭിക്ഷാടനം നടത്തുന്ന മാഫിയ സംഘങ്ങൾ സംസ്ഥാനത്തു പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവർക്ക് അന്യ സംസ്ഥാന ബന്ധങ്ങളുള്ളതായി കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) ഭിക്ഷാടനം കർശനമായി നിരോധിച്ചിട്ടും മാഫിയ സംഘങ്ങളുടെ പിൻബലത്തോടെയുള്ള ഇത്തരം യാചകരുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) യാചകരെ ഉപയോഗിച്ച് ഭിക്ഷാടനവും മറ്റു സാമൂഹ്യ വിരുദ്ധ പ്രവർത്തനവും നടത്തുന്ന മാഫിയ സംഘങ്ങളെ നിയന്ത്രിക്കാൻ കർശന നടപടികൾ സ്വീകരിക്കുമോ;

(ഇ) ഭിക്ഷാടനം നടത്തുന്നവർ സ്ത്രീകളുടേയും കുട്ടികളുടേയും സുരക്ഷിതമായ യാത്രയ്ക്ക് ഭീഷണിയുണ്ടാക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനായി പരിഹാരമാർഗ്ഗങ്ങൾ സ്വീകരിച്ചിട്ടുണ്ടോ;

(എഫ്) ഇത്തരക്കാരെ നിയന്ത്രിക്കുന്നതിനും ആശ്രയ കേന്ദ്രങ്ങളിലും മറ്റു പുനരധിവാസ കേന്ദ്രങ്ങളിലും എത്തിക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

<u>നേമം നിയോജകമണ്ഡലത്തിലെ പദ്ധതികൾ</u>

4854 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ നൂറുദിന കർമ്മപരിപാടിയിലൂടെ, നേമം നിയോജകമണ്ഡലത്തിൽ സാമൂഹ്യക്ഷേമ വകുപ്പ് ഏതെങ്കിലും പദ്ധതികളോ, പരിപാടികളോ നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) പ്രസ്തുത പദ്ധതികൾ/പരിപാടികൾ നടപ്പിലാക്കുന്നതിന് എത്ര തുകയാണ് ചെലവഴിച്ചത്;

(ഡി) മുൻ സർക്കാർ തുടങ്ങിവച്ച എത്ര പദ്ധതികളാണ് ഈ സർക്കാർ നേമം നിയോജകമണ്ഡലത്തിൽ നൂറുദിന കർമ്മപരിപാടിയിൽ ഉൾപ്പെടുത്തി സാമൂഹ്യക്ഷേമ വകുപ്പിൽ പൂർത്തിയാക്കിയത്?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

<u>ശാരീരിക - മാനസിക പ്രശ്നമുള്ളവർക്ക് വാർഷിക പദ്ധതിയിൽ നിന്നും സഹായം</u>

4855

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി അടങ്കൽ തുകയുടെ അഞ്ച് ശതമാനം വൃദ്ധർ - വികലാംഗർ, ശിശുക്കൾ എന്നിവർക്കായി നിർബന്ധമായും മാറ്റിവെയ്ക്കണമെന്ന് പദ്ധതി മാർഗ്ഗരേഖയിൽ നിർദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത തുക തീരെ അപര്യാപ്തമാകുമെന്നതിനാൽ മാനസിക വൈകല്യമുള്ളവർക്കു വേണ്ടിയുള്ള പദ്ധതികൾ പലപ്പോഴും അവഗണിക്കപ്പെടുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇതിനു പരിഹാരമായി വാർഷിക പദ്ധതിയുടെ അഞ്ച് ശതമാനം തുക ശാരീരിക - മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് വേണ്ടി മാത്രമുള്ള പദ്ധതികൾക്കായി മാറ്റിവെക്കുന്ന കാര്യം പരിശോധിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

<u>വൃദ്ധജനങ്ങൾക്കുള്ള പുനരധിവാസ ആരോഗ്യ പദ്ധതി</u>

4856 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുട്ടികളുടെ എണ്ണം കുറഞ്ഞുവരുന്നതും വൃദ്ധജനങ്ങളുടെ എണ്ണം വളരെ കൂടി വരുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ സംസ്ഥാനത്ത് ഏതു ജില്ലയിലാണ് വൃദ്ധജനങ്ങളുടെ എണ്ണം കൂടുതലായുള്ളതെന്ന് അറിയിക്കുമോ ;

(സി) കൂടുതൽ വൃദ്ധജനങ്ങൾ ഉള്ള ജില്ലകളിൽ അവരുടെ പുനരധിവാസത്തിനും ആരോഗ്യ സുരക്ഷയ്ക്കും മറ്റുമായി ഒരു പ്രത്യേക പദ്ധതിക്ക് രൂപം നൽകുമോ ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

വീറ്റ് ബെയ്സ്ഡ് ന്യൂട്രിഷൻ പ്രോഗ്രാം

4857 ശ്രീ.ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വീറ്റ് ബെയ്സ്ഡ് ന്യൂട്രിഷൻ പ്രോഗ്രാം മുഖേന സംസ്ഥാനത്ത് ഐ.സി.ഡി.എസ്. പ്രോജക്ടുകൾ വഴി 2006 മുതൽ 2011 മാർച്ച് വരെ അരിയും ഗോതമ്പും ഉൾപ്പെടെ എത്ര ടൺ ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്തെന്നു വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി ഇപ്പോഴും സംസ്ഥാനത്തു നടപ്പിലാക്കുന്നുണ്ടോ;

(സി) 2011 ഏപ്രിൽ 1ന് ശേഷം ഈ പദ്ധതിയ്ക്കായി എത്ര ടൺ ഭക്ഷ്യധാന്യം അലോട്ട്മെന്റായി ലഭിച്ചുവെന്നു വ്യക്തമാക്കാമോ;

(ഡി) ആയതിൽ എത്ര ടൺ ഭക്ഷ്യധാന്യം അംഗൻവാടികളിൽ എത്തിച്ചുവെന്നു വ്യക്തമാക്കാമോ?

# കേരള നിയമസഭ

## 21.10.2011-ലെ മറുപടിക്ക്

<u>കേരള വനിതാ കമ്മീഷന്റെ നേതൃത്വത്തിൽ പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സമഗ്ര വികസനത്തിനായുള്ള സർവ്വേയും പഠനങ്ങളും</u>

4858 ശ്രീ. ഇ. പി. ജയരാജൻ
,, എസ്. ശർമ്മ
,, കെ. വി. അബ്ദുൾ ഖാദർ
,, എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളവനിതാ കമ്മീഷന്റെ നേതൃത്വത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ സഹായത്തോടെ പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സമഗ്ര വികസനത്തിനായുള്ള സർവ്വേയും പഠനങ്ങളും നടത്തിയിട്ടുണ്ടോ ;

(ബി) സർവ്വേയിലും പഠനങ്ങളിലും വെളിവായിട്ടുള്ള വസ്തുതകൾ വിശദമാക്കാമോ ;

(സി) അവിവാഹിതകളായ അമ്മമാരെ സംബന്ധിച്ച് ലഭിച്ച വിശദാംശങ്ങൾ വെളിപ്പെടുത്താമോ ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

<u>കോഴിക്കോട് ജില്ലയിൽ സ്ഥലവും കെട്ടിടവു</u>
<u>മില്ലാത്ത അംഗൻവാടികൾ</u>

4859 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ സ്വന്തമായി സ്ഥലവും കെട്ടിടവുമില്ലാത്ത എത്ര അംഗൻവാടികൾ പ്രവർത്തിക്കുന്നുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത അംഗൻവാടികൾക്ക് സ്ഥലം, കെട്ടിടം എന്നിവ ലഭ്യമാക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) നിലവിൽ കെട്ടിടങ്ങളുള്ള അംഗൻവാടികൾക്ക് ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

അംഗൻവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് നടപടി

4860 ശ്രീ. പി.സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട മുളക്കുഴ പഞ്ചായത്ത് വക അംഗൻവാടിയിൽ നിലവിൽ എത്ര കുട്ടികൾ പഠിക്കുന്നുണ്ട് ;

(ബി) പ്രസ്തുത അംഗൻവാടിയിൽ എത്ര ജീവനക്കാർ ജോലി ചെയ്യുന്നു എന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത അംഗൻവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് എന്ത് നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

<u>അടൂർ മണ്ഡലത്തിലെ അംഗൻവാടികൾ</u>

4861 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അടൂർ മണ്ഡലത്തിന്റെ പരിധിയിൽ എത്ര അംഗൻവാടികൾ പ്രവർത്തിക്കുന്നുണ്ട് എന്ന് പഞ്ചായത്ത് അടിസ്ഥാനത്തിൽ വ്യക്തമാക്കാമോ ;

(ബി) അവയിൽ സ്വന്തമായി കെട്ടിടമില്ലാത്തവ എത്രയെന്ന് പഞ്ചായത്ത് തിരിച്ച് അറിയിക്കുമോ ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

<u>താൽക്കാലിക അംഗൻവാടി ജീവനക്കാരുടെ തെരഞ്ഞെടുപ്പ്</u>

4862 ശ്രീ. കെ. മുരളീധരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ വിഭാഗം ജീവനക്കാർക്കും ഉത്സവബത്ത നൽകുന്ന സാഹചര്യത്തിൽ വിരമിച്ച അംഗൻവാടി ജീവനക്കാർക്ക് ഉത്സവബത്ത നൽകാതിരിക്കുന്നതിന് കാരണമെന്താണ്;

(ബി) അംഗൻവാടി ജീവനക്കാർക്ക് വർദ്ധിപ്പിച്ച തുക പെൻഷൻ നൽകുന്നത് സംബന്ധിച്ച് ഡബ്ല്യു.എ.1528/10 നമ്പർ ഹൈക്കോടതി കേസിൽ സ്റ്റേറ്റ്മെന്റ് ഫയൽ ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) താൽക്കാലിക അംഗൻവാടി ജീവനക്കാരെ തെരഞ്ഞെടുക്കുന്നതിന് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ ഉത്തരവിന്റെ പകർപ്പും കമ്മിറ്റിയുടെ ഘടനയും ലഭ്യമാക്കുമോ;

(ഡി) ഡബ്ല്യു.എ.1528/2010-ലെ ഉത്തരവ് പ്രകാരം വർക്കർ, ഹെൽപ്പർ തസ്തികകളിൽ കരാർ നിയമനം നടത്തിയവരുടെ എണ്ണം ജില്ല തിരിച്ച് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

<u>കല്‍പ്പറ്റ പള്ളിക്കുന്ന് അംഗന്‍വാടി കെട്ടിടം</u>

4863 ശ്രീ. എം. വി. ശ്രേയാംസ് കുമാര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കല്‍പ്പറ്റ നിയോജക മണ്ഡലത്തിലെ എത്ര അംഗന്‍വാടികള്‍ വാടക കെട്ടിടങ്ങളില്‍ പ്രവര്‍ത്തിക്കുന്നുണ്ട്; പഞ്ചായത്തുതല വിശദാംശം വെളിപ്പെടുത്തുമോ;

(ബി) കോട്ടത്തറ ഗ്രാമ പഞ്ചായത്തിലെ പള്ളിക്കുന്ന് അംഗന്‍വാടി കെട്ടിടത്തിന്റെ ശോച്യാവസ്ഥ ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത അംഗന്‍വാടി പുതുക്കിപ്പണിയുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

<u>അംഗൻവാടി ജീവനക്കാർക്ക് ഓണറേറിയം വർദ്ധനവ്</u>

4864 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അംഗൻവാടി ജീവനക്കാർക്ക് ആഗസ്റ്റ് മാസംവരെ ലഭിച്ചു വരുന്ന പ്രതിമാസ ഓണറേറിയം എത്ര രൂപ വീതമാണ്; ഈ നിരക്കിൽ ഓണറേറിയം നൽകാൻ തുടങ്ങിയത് എന്ന് മുതലാണ്;

(ബി) മുൻ സർക്കാരിന്റെ അവസാന ബഡ്ജറ്റിൽ ഈ തുകയിൽ എത്ര രൂപയുടെ വർദ്ധനവ് വരുത്തുമെന്നാണ് പ്രഖ്യാപിച്ചിരുന്നത്; ആയത് എന്നുമുതൽ നൽകുമെന്നാണ് ബഡ്ജറ്റിൽ പറഞ്ഞിരുന്നത്;

(സി) ഈ സർക്കാർ അധികാരമേറ്റെടുത്തശേഷം അവതരിപ്പിച്ച ബഡ്ജറ്റിൽ അംഗൻവാടി ജീവനക്കാരുടെ ഓണറേറിയം വർദ്ധിപ്പിക്കുന്നതു സംബന്ധിച്ച് പ്രഖ്യാപിച്ചിരുന്നോ; എത്ര രൂപയുടെ വർദ്ധനവാണ് ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്നത്;

(ഡി) ബഡ്ജറ്റ് പ്രഖ്യാപനത്തിനുശേഷം അംഗൻവാടിജീവനക്കാരുടെ പ്രതിമാസ ഓണറേറിയം വർദ്ധിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ എത്രരൂപയുടെ വർദ്ധനവാണ് ഓരോ വിഭാഗത്തിനും നൽകാൻ തീരുമാനിച്ചത്; ഇത് എന്നു മുതൽ നൽകാനാണ് തീരുമാനിച്ചിട്ടുള്ളത്;

(ഇ) മുൻസർക്കാർ പ്രഖ്യാപിച്ച 450 രൂപ വേതനം ഏപ്രിൽ മുതൽ നൽകാൻ കഴിയാതിരുന്നത് എന്തുകൊണ്ടാണ്;

(എഫ്) പുതിയ സാമ്പത്തികവർഷ ആരംഭം മുതൽ ഓണറേറിയം വർദ്ധിപ്പിച്ചു നൽകാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

<u>അംഗനവാടികളുടെ കാര്യക്ഷമത</u>

4865 ശ്രീ. കെ. എൻ. എ. ഖാദർ

താഴെ കാണുന്ന ചോദ്യത്തിന്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് പ്രവർത്തിച്ചു വരുന്ന അംഗനവാടികളുടെ കാര്യക്ഷമത പരിശോധിക്കുവാൻ സംവിധാനങ്ങളുണ്ടോ ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതരായ കുട്ടികൾക്ക് സ്പെഷ്യൽ സ്കൂൾ

4866 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിരായവരിൽ ശാരീരിക-മാനസിക വൈകല്യമുളളവർക്ക് അടിമപ്പെട്ട കുട്ടികൾക്കായി ഒരു സ്പെഷ്യൽ സ്കൂൾ തുടങ്ങുന്ന കാര്യം പരിഗണനയിൽ ഉണ്ടോയെന്നു വ്യക്തമാക്കാമോ;

(ബി) എങ്കിൽ സ്കൂൾ ആരംഭിക്കുന്നതിനുളള നടപടികൾ ഏത് ഘട്ടത്തിലാണെന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 21.10.2011-ലെ മറുപടിക്ക്

എൻഡോസൾഫാൻ ദുരിതമേഖലയിലെ നിത്യരോഗികൾ

4867 ശ്രീ.ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എൻഡോസൾഫാൻ ദുരിതമേഖലയിലെ നിത്യരോഗികൾക്ക് ഏതെങ്കിലും സാമൂഹ്യക്ഷേമ പെൻഷനുകൾ നൽകുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ ;

(ബി) പ്രസ്തുത പദ്ധതി എന്നുമുതലാണ് ആരംഭിച്ചതെന്ന് വ്യക്തമാക്കുമോ ;

(സി) ഇതനുസരിച്ച് പെൻഷൻ ആനുകൂല്യം ലഭിക്കുന്ന എത്ര ദുരിതബാധിതർ ഉണ്ടെന്ന് വ്യക്തമാക്കുമോ ;

(ഡി) പെൻഷൻ വിതരണം ചെയ്യുന്നതിന് ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ഇ) പ്രതിമാസ പെൻഷനാണെങ്കിൽ എല്ലാമാസവും ഇവരുടെ കൈകളിൽ എത്തുന്നുവെന്ന് ഉറപ്പുവരുത്തുവാൻ എന്ത് സംവിധാനമാണുള്ളതെന്ന് വ്യക്തമാക്കുമോ ;

(എഫ്) 2011 സെപ്തംബർ മാസം വരെയുള്ള പ്രതിമാസ പെൻഷൻ വിതരണം നടന്നിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

<u>സാമൂഹ്യക്ഷേമവകുപ്പിന്റെ വിവിധ പെൻഷനുകൾ വർദ്ധിപ്പിക്കാൻ നടപടി</u>

4868 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യക്ഷേമവകുപ്പ് മുഖേന നൽകി വരുന്ന വിധവാ പെൻഷൻ, വികലാംഗപെൻഷൻ, 50 വയസ്സിന് മുകളിലുള്ള അവിവാഹിതർക്കുള്ള പെൻഷൻ എന്നിവ 400 രൂപയായി വർദ്ധിപ്പിച്ചുകൊണ്ട് ഉത്തരവ് ഇറങ്ങിയിട്ടുണ്ടോ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) ഇല്ലെങ്കിൽ ഇത് വർദ്ധിപ്പിച്ചുകൊണ്ട് ഉത്തരവ് ഇറക്കുന്നതിന് തടസ്സമെന്താണ്; വിശദാംശം നൽകുമോ?

# കേരള നിയമസഭ
# 21.10.2011-ലെ മറുപടിക്ക്

<u>ആശ്വാസകിരണം പദ്ധതിയിലൂടെ ധനസഹായം</u>

4869 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യ സുരക്ഷാമിഷൻ മുഖേന നടപ്പിലാക്കിവരുന്ന ആശ്വാസകിരണം പദ്ധതിയനുസരിച്ച് 2011 മാർച്ച് 31 വരെ എത്രപേർക്ക് സഹായധനം നൽകിയെന്ന് വ്യക്തമാക്കുമോ;

(ബി) മേൽപദ്ധതിയിൽ 2011 ഏപ്രിൽ 1 മുതൽ 2011 സെപ്തംബർ 30 വരെ എത്ര അപേക്ഷകൾ ലഭിച്ചു; അതിൽ എത്ര പേർക്ക് സഹായധനം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

<u>വികലാംഗ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം</u>

4870 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വികലാംഗ ദുരിതാശ്വാസ നിധിയിൽ നിന്ന് ധനസഹായം ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ വിശദീകരിക്കാമോ;

(ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം എത്ര തുക ഇപ്രകാരം വിതരണം ചെയ്തു എന്ന് ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

<u>ആശ്രയ പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ</u>

4871 ശ്രീ. വി. എസ്. സുനിൽ കുമാർ
ശ്രീമതി ഗീതാ ഗോപി
ശ്രീ. ജി. എസ്. ജയലാൽ
ശ്രീമതി ഇ. എസ്. ബിജിമോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആശ്രയ പദ്ധതി ആരംഭിച്ചതെന്നാണ്; ഈ പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് വെളിപ്പെടുത്തുമോ;

(ബി) ആശ്രയ പദ്ധതി നടപ്പിലാക്കാത്ത പഞ്ചായത്തുകൾ എത്രയെണ്ണമുണ്ടെന്നും അവ ഏതെല്ലാമാണെന്നും വ്യക്തമാക്കുമോ;

(സി) ആശ്രയ പദ്ധതി സമ്പൂർണ്ണമാക്കുന്നതിന് എന്തെങ്കിലും പദ്ധതികളുണ്ടോ; എങ്കിൽ വിശദമാക്കുമോ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

<u>സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ആതുര സേവന കേന്ദ്രങ്ങൾ</u>

4872 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ആതുരസേവന കേന്ദ്രങ്ങൾ എത്രയെന്ന് ജില്ല തിരിച്ച് നൽകാമോ;

(ബി) ഈ ആതുരസേവന കേന്ദ്രങ്ങളിൽ ഓരോന്നിലും സേവനത്തിനായി എത്ര ജീവനക്കാരെയാണ് നിയമിച്ചിട്ടുള്ളത്;

(സി) ഇവിടത്തെ അന്തേവാസികളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

<u>അവിവാഹിതരായ ആളുകൾക്ക് പെൻഷൻ പദ്ധതി</u>

4873 ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ 60 വയസ്സുകഴിഞ്ഞ പാവപ്പെട്ടവരും നിരാലംബരും അവിവാഹിതരുമായ ആളുകൾക്ക് മാത്രമായി എന്തെങ്കിലും പെൻഷൻ പദ്ധതി ഇപ്പോൾ നിലവിലുണ്ടോ ;

(ബി) ഇല്ലെങ്കിൽ ഇവർക്ക് മാത്രമായി എന്തെങ്കിലും ആനുകൂല്യം നൽകുവാൻ കഴിയുമോ ?

# കേരള നിയമസഭ
# 21.10.2011-ലെ മറുപടിക്ക്

<u>ഇന്ദിരാഗാന്ധി നാഷണൽ ഓൾഡേജ് പെൻഷൻ പദ്ധതി</u>

4874 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യക്ഷേമവകുപ്പിന്റെ കീഴിൽ നടപ്പിലാക്കാനുദ്ദേശിച്ചിരുന്നതും കഴിഞ്ഞ നാലുവർഷങ്ങൾക്കുമുമ്പ് അപേക്ഷകൾ സ്വീകരിച്ചതുമായ ഇന്ദിരാഗാന്ധി നാഷണൽ ഓൾഡേജ് പെൻഷൻ പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന് വ്യക്തമാക്കാമോ;

(ബി) ഈ പദ്ധതി കേരളത്തിൽ ഏതെല്ലാം പഞ്ചായത്തുകളിൽ നടപ്പിലാക്കിയെന്ന് പറയാമോ;

(സി) ഇതിന് അപേക്ഷിക്കുന്നതിനുള്ള പ്രായപരിധി എത്രയാണെന്നും സാമ്പത്തിക സ്ഥിതി എന്തായിരിക്കണമെന്നുമാണ് നിർദ്ദേശിച്ചിരുന്നത് എന്ന് വിശദമാക്കാമോ;

(ഡി) ഈ പദ്ധതിയിലൂടെ പെൻഷൻ ലഭിച്ച എത്രപേർ കേരളത്തിലുണ്ടെന്ന് അറിയിക്കാമോ;

(ഇ) നിലവിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൂടെ വിതരണം ചെയ്തുവരുന്ന വാർദ്ധക്യകാല പെൻഷനിൽ നിന്നും ഇന്ദിരാഗാന്ധി നാഷണൽ ഓൾഡ് ഏജ് പെൻഷനുള്ള വ്യത്യാസം എന്താണെന്ന് പറയാമോ;

(എഫ്) എത്ര രൂപയുടെ പെൻഷനാണ് ഇതിലൂടെ പ്രതിമാസം ലഭിക്കുക എന്നും രണ്ടു പെൻഷനുകളും ഒരേ സമയം ലഭിക്കുമോ എന്നും അറിയിക്കുമോ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

<u>വയോജന വകുപ്പ്</u>

4875 ശ്രീ.കെ.കെ.നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വയോധികരുടെ എണ്ണം കൂടിവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വയോജനനയം രൂപീകരിച്ച സംസ്ഥാനം എന്ന നിലയിൽ സംസ്ഥാനത്ത് ഒരു വയോജന വകുപ്പ് രൂപീകരിക്കുന്നകാര്യം പരിഗണിക്കുമോ ;

(സി) ഇതിന്റെ വിശദാംശം വെളിപ്പെടുത്താമോ ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

ബാലികാ സമൃദ്ധിയോജന(ബി.എസ്.വൈ) കാലാവധി

4876 ശ്രീ. എൻ.എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ നടപ്പിലാക്കി വരുന്ന ബാലികാ സമൃദ്ധി യോജന (ബി.എസ്.വൈ) പ്രകാരം എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകിവരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് (ബി.എസ്.വൈ) യുടെ ആനുകൂല്യത്തിന് എത്ര പെൺകുട്ടികളെ തെരെഞ്ഞെടുത്തിട്ടുണ്ട്;

(സി) ജില്ല തിരിച്ച് കണക്ക് ലഭ്യമാക്കാമോ;

(ഡി) 15.08.1997 ൽ ആരംഭിച്ച പദ്ധതിയുടെ കാലാവധി 31.03.2011 ൽ അവസാനിച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ബി.പി.എൽ കുടുംബത്തിലെ പെൺകുട്ടികൾക്ക് തുടർന്നും ആനുകൂല്യം ലഭ്യമാക്കുന്നതിന് ബി.എസ്.വൈ യുടെ കാലാവധി നീട്ടാൻ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുമോ?

# കേരള നിയമസഭ
# 21.10.2011-ലെ മറുപടിക്ക്

ഓർഫനേജ് & അദർ ചാരിറ്റബിൾ ഹോംസ്
(സൂപ്പർവിഷൻ & കൺട്രോൾ) ആക്ട്

4877 ശ്രീ. എ.എം .ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഓർഫനേജ് & അദർ ചാരിറ്റബിൾ ഹോംസ് (സൂപ്പർവിഷൻ & കൺട്രോൾ) -ലെ സെക്ഷൻ 29-ലെ സബ് സെക്ഷൻ (1) 2008 മാർച്ച് 12-ലെ ഗസറ്റ് വിജ്ഞാപനപ്രകാരം ഭേദഗതി വരുത്തിയത് എന്തുകൊണ്ടാണ്;

(ബി) പ്രസ്തുത ഭേദഗതിയിലെ റൂൾ 13 ലെ സബ്റൂൾ 5 ൽ സ്ഥാപനങ്ങൾക്ക് സ്വന്തമായി സ്ഥലവും കെട്ടിടവും വേണമെന്ന നിബന്ധന നിമിത്തം അനാഥരായ സ്ത്രീകളെയും കുട്ടികളെയും തെരുവിലലയുന്നവരെയും സംരക്ഷിക്കുന്നതിനുള്ള ആശ്രയകേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് ആളുകൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ.

(സി) സ്ഥാപനങ്ങൾ ആരംഭിച്ച് ഒരു നിശ്ചിത സമയത്തിനു ശേഷം സ്വന്തമായി കെട്ടിടമുണ്ടാക്കിയാൽ മതിയാകും എന്ന ഭേദഗതി, വിശദമായ പരിശോധനകൾക്കുശേഷം, ഈ നിയമത്തിൽ വരുത്തുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

കൊല്ലം ജില്ലയിലെ കലയപുരം ആശ്രയ-സങ്കേതം, പത്തനാപുരം ഗാന്ധി ഭവന്‍ എന്നിവയ്ക്ക് ഗ്രാന്റ് അനുവദിക്കാനുള്ള നടപടി

4878 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് സര്‍ക്കാര്‍ സഹായം ലഭ്യമാക്കുന്ന അനാഥാലയങ്ങളുടെയും ശരണാലയങ്ങളുടെയും പട്ടിക ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത കേന്ദ്രങ്ങള്‍ക്ക് എത്ര രൂപ വീതമാണ് അനുവദിക്കുന്നതെന്നും അതിന്റെ വിനിയോഗക്രമങ്ങളെയും കുറിച്ച് വിശദമാക്കുമോ ;

(സി) കൊല്ലം ജില്ലയില്‍ പ്രവര്‍ത്തിച്ചു വരുന്ന കലയപുരം ആശ്രയ-സങ്കേതം, പത്തനാപുരം ഗാന്ധിഭവന്‍ എന്നീ ശരണ കേന്ദ്രങ്ങളുടെ പ്രവര്‍ത്തനത്തിനുള്ള സഹായത്തിനായി ഗ്രാന്റ് അനുവദിക്കാന്‍ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

വികലാംഗർക്ക് ട്രൈ സൈക്കിൾ വിതരണം

4879 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നടക്കാൻ പ്രയാസമുള്ള അംഗവൈകല്യമുള്ളവർക്ക് സാമൂഹ്യക്ഷേമ വകുപ്പ് ട്രൈ സൈക്കിൾ വിതരണം ചെയ്യുന്നുണ്ടോ ;

(ബി) ഇല്ലെങ്കിൽ ട്രൈസൈക്കിൾ നൽകുന്ന കാര്യം പരിഗണിക്കുമോ ;

(സി) തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് ഇത്തരം പദ്ധതികൾക്ക് അനുമതി നൽകുമോ ?